# ദൈവാവിഷ്കരണത്തെ സംബന്ധിച്ച കോൺസ്റ്റിറ്റ്യൂഷൻ

**ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ**

**ആമുഖം:**

വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിൽ മൂന്നാമത്തെ കോൺസ്റ്റിറ്റ്യൂഷനാണ് ദൈവവചനം (ദേയീ വെർബും). 1965 നവംബർ 18ന് ഇത് പ്രസിദ്ധീകൃതമായി. ദീർഘമായ പഠനങ്ങളും തിരുത്തലുകളും ഈ രേഖയുടെയും പിന്നിലുണ്ട്. കൗൺസിലിന്റെ ഇതരപ്രമാണരേഖകൾക്കും ദൈവശാസ്ത്രപഠനങ്ങൾക്കും അടിസ്ഥാനമായി വർത്തിക്കുന്നതാണ് ഈ രേഖ. കാരണം, ദൈവികവെളിപാടുകളെ വിശ്വാസപൂർവ്വം സ്വീകരിച്ച് യുക്തിയുടെ വെളിച്ചത്തിൽ അപഗ്രഥിച്ചു പഠിക്കുന്നതാണല്ലോ ദൈവശാസ്ത്രം. ദൈവാവിഷ്കരണവും അതിന്റെ കൈമാറലും സംബന്ധിച്ച പഠനങ്ങൾ നല്കുകയെന്നതാണ് ഈ പ്രമാണരേഖയുടെ ലക്ഷ്യം. കൗൺസിൽ പിതാക്കന്മാരുടെ വാക്കുകൾ തന്നെ ഉദ്ധരിക്കട്ടെ: ''ത്രെന്തോ, ഒന്നാം വത്തിക്കാൻ എന്നീ സൂനഹദോസുകൾ നൽകിയിട്ടുള്ള പഠനങ്ങളെ മുറുകെപ്പിടിക്കുന്ന ഈ സൂനഹദോസും ദൈവികവെളിപാട്, അതിന്റെ കൈമാറൽ എന്നിവയെക്കുറിച്ച് അവികലമായ പഠനങ്ങൾ ആവിഷ്കരിക്കുവാനുദ്ദേശിക്കുന്നു. അങ്ങനെ സമസ്തലോകവും രക്ഷയുടെ സന്ദേശം ശ്രവിക്കുകയും വിശ്വസിക്കുകയും ചെയ്യട്ടെ. ഈ വിശ്വാസം പ്രതീക്ഷയിലേക്കും പ്രതീക്ഷ സ്നേഹത്തിലേക്കും നയിക്കട്ടെ.'' ( N.1)

ആറ് അദ്ധ്യായങ്ങളിലായി 26 ഖണ്ഡികയുള്ള ഈ പ്രമാണരേഖയുടെ പ്രധാന ചിന്തകൾ ചുവടെ ചേർക്കുന്നു.

## i) മിശിഹാ ദൈവിക വെളിപാടിന്റെ പൂർണ്ണത:

ത്രിയേകദൈവം ചരിത്രത്തിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുന്നുണ്ട്. ഈ വെളിപാടു വഴി ദൈവത്തെക്കുറിച്ചും മനുഷ്യരെക്കുറിച്ചുമുള്ള അഗാധസത്യങ്ങൾ നമുക്കു ലഭിക്കുന്നു. ഈശോമിശിഹായാണ് ഈ ദൈവികവെളിപാടിന്റെ മദ്ധ്യസ്ഥനും പൂർണ്ണതയും. മിശിഹാ തന്റെ പെസഹാരഹസ്യങ്ങളിലൂടെയും പരിശുദ്ധാത്മാവിനെ നല്കിയതിലൂടെയും ഈ വെളിപാട് പൂർണ്ണമാക്കി. മിശിഹായുടെ മഹത്ത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനം

വരെ ഇനി പുതിയ ഒരു ‘പൊതുവെളിപാട്’ പ്രതീക്ഷിക്കേണ്ടതില്ല (No. 14) ഈ വെളിപാട് വിശ്വാസപൂർവ്വം സ്വീകരിക്കുമ്പോഴാണ് വെളിപാടിനെക്കുറിച്ചുള്ള അറിവ് പൂർണ്ണമാകുന്നതും നമ്മുടെ വിശ്വാസം വളരുന്നതും, അതുവഴി രക്ഷയുടെ അനുഭവം സ്വന്തമാക്കുവാൻ കഴിയുന്നതും. വിശ്വാസത്തിന് നല്ല ഒരു വിശദീകരണം ഇവിടെ കൗൺസിൽ പിതാക്കന്മാർ നല്കുന്നുണ്ട്. ‘‘.... വിശ്വാസത്തിന്റെ അനുസരണംവഴി മനുഷ്യർ തന്റെ ബുദ്ധിയും മനസ്സും ദൈവത്തിനു സമ്പൂർണ്ണമായി അടിയറ വയ്ക്കുകയും ദൈവികവെളിപാട് ഹൃദയപൂർവ്വം അംഗീകരിക്കുകയും അങ്ങനെ തന്നെത്തന്നെ സ്വമനസ്സാ അവിടത്തേക്കു മുഴുവനായി സമർപ്പിക്കുകയും ചെയ്യുന്നു" (N.5). ഇപ്രകാരമുള്ള വിശ്വാസം ദൈവദാനമാണെന്നും പരിശുദ്ധാത്മാവിന്റെ കൃപാവരഫലമാണെന്നും പ്രമാണരേഖ ഓർമ്മിപ്പിക്കുന്നുണ്ട്. വിശ്വാസം എന്നത് വിശ്വാസസത്യങ്ങൾ മന:പാഠമാക്കുന്നതു മാത്രമല്ല, നമ്മെത്തന്നെ ദൈവതൃക്കരങ്ങളിൽ സമർപ്പിക്കുന്നതുകൂടിയാണെന്നും ഇത് ഒരു ദൈവദാനമാണെന്നും, വിശ്വാസവാതിൽ തുറക്കുന്നത് ദൈവം തന്നെയാണെന്നുമുള്ള ‘വിശ്വാസത്തിന്റെ വാതിൽ’ (Porta Fidei) അപ്പസ്തോലിക രേഖയുടെ പഠനം കൗൺസിൽ പ്രബോധനത്തെ അരക്കിട്ടുറപ്പിക്കുന്നു. വെളിപാടിന്റെ ലക്ഷ്യത്തെക്കുറിച്ചു കൗൺസിൽ പിതാക്കന്മാർ പറയുന്നുണ്ട്. ‘വെളിപാട്’ വഴി ദൈവീകസൗഭാഗ്യം അനുഭവിക്കുവാനും വിശ്വാസസത്യങ്ങൾ ഏളുപ്പത്തിലും അബദ്ധത്തിന്റെ കലർപ്പില്ലാതെയും പഠിക്കുവാനും മനുഷ്യനു കഴിയുന്നു. (N.6)

## ii) പാരമ്പര്യവും വി. ലിഖിതവും സഭയുടെ പ്രബോധനാധികാരവും തമ്മിലുള്ള ബന്ധം:

ഈശോയിൽ പൂർത്തിയായ വെളിപാട് നമുക്കു കൈമാറി ലഭിക്കുന്നത് വി. പാരമ്പര്യത്തിലൂടെയും വി. ലിഖിതങ്ങളിലൂടെയുമാണ്. ഇവ രണ്ടും തിരുസഭയ്ക്ക് ഒരു മുഖക്കണ്ണാടിപോലെയാണെന്നും ഈ കണ്ണാടിയിൽക്കൂടി തിരുസഭ ദൈവത്തെ ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നുവെന്നും ഈ പ്രമാണരേഖ പഠിപ്പിക്കുന്നു (N.7). വി. പാരമ്പര്യത്തെക്കുറിച്ചുള്ള ഒരു നല്ല വിശദീകരണം എട്ടാമത്തെ ഖണ്ഡിക നല്കുന്നുണ്ട്. ദൈവികവെളിപാട്, ശ്ലീഹന്മാരും അവരുടെ പിൻഗാമികളും വഴി സഭയിൽ പരിശുദ്ധാത്മാവിന്റെ സഹായത്താൽ വളർന്നുകൊണ്ടിരിക്കുന്നു. ശ്ലീഹന്മാർ വഴി നല്കിയ പാരമ്പര്യത്തിൽ ദൈവജനത്തിന്റെ ജീവിതം വിശുദ്ധമായി നയിക്കുന്നതിനും വിശ്വാസം

അഭിവൃദ്ധമാക്കുന്നതിനും ആവശ്യമായതെല്ലാം അടങ്ങിയിട്ടുണ്ട്. ആദിമസഭയുടെ പിതാക്കന്മാരുടെ പ്രബോധനങ്ങളും ആരാധനക്രമങ്ങളും ഈ പാരമ്പര്യത്തിന്റെ സജീവസാക്ഷ്യങ്ങളാണ്. വി. പാരമ്പര്യത്തിലൂടെ വി. ലിഖിതങ്ങളെ കൂടുതൽ ഗാഢമായി ഗ്രഹിക്കുവാൻ നമുക്കു കഴിയുന്നു. വി. പാരമ്പര്യവും വി. ലിഖിതങ്ങളും തമ്മിൽ സുദൃഢമായ ബന്ധവും വിനിമയവും ഉണ്ടെന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. ''എന്തെന്നാൽ അവ രണ്ടിന്റെയും ഉത്ഭവം ഒരേ ദിവ്യസ്രോതസ്സിൽനിന്നാണ്. ഒരു വിധത്തിൽ രണ്ടും ഒന്നുചേർന്ന് ഒരേ ലക്ഷ്യത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് വി. ലിഖിതങ്ങളും പാരമ്പര്യവും ഒരേ ബഹുമാനത്തോടും ഒരേ ആദരവോടുംകൂടി നാം സ്വീകരിച്ചു വണങ്ങേണ്ടതാണ്'' (N.9). വി. പാരമ്പര്യവും വി. ലിഖിതവും സഭയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ദൈവവചനത്തിന്റെ ഏകകലവറയെന്ന നിലയിൽ, ഇവ രണ്ടും ആധികാരികമായി വ്യാഖ്യാനിക്കേണ്ട ചുമതല സഭയുടെ ജീവിക്കുന്ന പ്രബോധനാധികാരത്തിനാണ്. എന്നാൽ സഭയുടെ പ്രബോധനാധികാരം ദൈവവചനത്തിന് ഉപരിയല്ല, പ്രത്യുത അതിനെ സേവിക്കുവാനുള്ളതാണ് (N.10). ഇപ്രകാരം വി. പാരമ്പര്യവും വി. ലിഖിതങ്ങളും സഭയുടെ പ്രബോനാധികാരവും തമ്മിലുള്ള പരസ്പരബന്ധത്തെ കൗൺസിൽ പിതാക്കന്മാർ നന്നായി വിശദീകരിക്കുന്നുണ്ട്.